بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 18.04.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*18.04.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## ലോകത്തിന് പരിചയപ്പെടുത്തുക; ദൈവം കാണുന്നവനാണ്, കേൾക്കുന്നവനാണ്.

*തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ലിഖിതശകലങ്ങൾ പറയുന്നതാണ്. അല്ലാഹുവിന്റെ യാഥാർഥ്യമെന്താണെന്നും അവന്റെ സ്ഥാനമെന്താണെന്നും അതിൽ ആ മഹാത്മാവ് വിവരിച്ചിരിക്കുന്നു. സർവശക്തികളുടേയും ഉടമസ്ഥനും ഏകനും പങ്കുകാരനില്ലാത്തവനുമായ സ്ഥാനമാണ് അവനുള്ളത്. സകല സൃഷ്ടികളുടേയും സ്രഷ്ടാവ് അവൻ തന്നെയാണ്. സകല വസ്തുക്കൾക്കും നാശമുണ്ട്. പക്ഷേ, അവന് നാശമില്ല. ഈ പ്രപഞ്ചത്തിന്റെ നാഥനായ അല്ലാഹുവിൽ എത്തുന്നതിനുള്ള മാർഗം മുഹമ്മദു മുസ്തഫാ(സ)ന്റെ അസ്തിത്വമാണെന്നും ആ മഹാത്മാവ് പറഞ്ഞിരിക്കുന്നു. നബി(സ)തിരുമേനി മുഖേന മാത്രമേ അല്ലാഹുവിന്റെ അടുത്ത് എത്താൻ കഴിയുകയുള്ളു. അവന്റെ സൗന്ദര്യത്തിലും ഉപകാരങ്ങളിലും അവന് തുല്യനായി ആരുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങൾ കാണുന്നതിന് നിഷ്കളങ്കമായി അവന്റെ മുമ്പിൽ കുനിയേണ്ടത് നിർബന്ധമാണ്. അവനെ ആരാധിക്കേണ്ടത് നിർബന്ധമാണ്. ഈ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ അല്ലാഹു ഓടിവന്ന് മനുഷ്യനെ ആലിംഗനം ചെയ്യുന്നതാണ്. അവന്റെമേൽ തന്റെ അനുഗ്രഹമഴ വർഷിക്കുന്നതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ വേദനയോടെ പറഞ്ഞു: 'നിങ്ങളുടെ ദീനും ദുൻയാവും മനോഹരമായിത്തീരുന്നതിനുവേണ്ടി അത്തരം അല്ലഹുവുമായി നിങ്ങൾ ബന്ധം സ്ഥാപിക്കുക.' അല്ലാഹുവിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് ഒരിടത്ത് പറഞ്ഞു: 'അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. എന്നുവച്ചാൽ, ഉയർച്ചകളിലും താഴ്ചകളിലും കാണപ്പെടുന്ന എല്ലാ ഓരോ പ്രകാശവും അത് ആത്മാക്കളിലായാലും ശരീരങ്ങളിലായാലും വസ്തുനിഷ്ഠമായാലും പ്രതിരൂപപരമായാലും പ്രത്യക്ഷമായാലും പരോക്ഷമായാലും ബൗദ്ധികമായാലും ഇതരമായാലും അല്ലാഹുവിന്റെ മാത്രം അനുഗ്രഹങ്ങളിൽനിന്നുള്ള ദാനമാകുന്നു. സർവലോക രക്ഷിതാവായ അല്ലാഹുവിന്റെ പൊതുവായ അനുഗ്രഹം എല്ലാ വസ്തുക്കളേയും ആവരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അവന്റെ അനുഗ്രഹത്തിൽ നിന്ന് ഒരു വസ്തുവും ഒഴിഞ്ഞു പോയിട്ടില്ലെന്നുമുള്ള വസ്തുതയാണ് ഇത് സൂചിപ്പിക്കുന്നത്.'

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'വിശുദ്ധ ഖുർആനിൽ നമ്മുടെ അല്ലാഹു തന്റെ ഗുണവിശേഷങ്ങളെ കുറിച്ച് പറയുന്നു,

قُلۡ هُوَ اللّٰهُ اَحَدٌ ۚ﴿۲﴾ اَللّٰهُ الصَّمَدُ ۚ﴿۳﴾ لَمۡ يَلِدۡ ۙ وَلَمۡ يُوۡلَدۡ ۙ﴿۴﴾ وَلَمۡ يَكُنۡ لَّهٗ كُفُوًا اَحَدٌ ﴿۵﴾

അതായത് നിങ്ങളുടെ ദൈവം തന്റെ സത്തയിലും ഗുണവിശേഷങ്ങളിലും ഏകനാകുന്നു. ഒരു സത്തയും അവന്റെ സത്തപോലെ അനാദ്യവും അനന്തവുമായിട്ടില്ല. ഏതെങ്കിലും വസ്തുവിന്റെ ഗുണവിശേഷങ്ങൾ അവന്റെ ഗുണവിശേഷങ്ങൾ പോലെയുമില്ല. മനുഷ്യന്റെ അറിവ് ഏതെങ്കിലും അധ്യാപകനെ ആശ്രയിച്ചുനില്ക്കുന്നു. അതാണെങ്കിൽ പരിമിതവുമാണ്. എന്നാൽ, അവന്റെ *(അതായത് അല്ലാഹുവിന്റെ)* അറിവ് ഒരു അധ്യാപകനേയും ആശ്രയിച്ചു നില്ക്കുന്നില്ല. എന്നല്ല അത് അപരിമിതവുമാണ്. മനുഷ്യന്റെ ശ്രവണം വായുവിനെ ആശ്രയിച്ചു നില്ക്കുന്നു. അത് പരിമിതവുമാണ്. എന്നാൽ, ദൈവത്തിന്റെ ശ്രവണം സ്വപ്രഭാവത്തിൽ നിന്നുള്ളതാണ്. അത് അപരിമിതവുമാണ്. മനുഷ്യന്റെ കാഴ്ച സൂര്യനേയോ മറ്റേതെങ്കിലും പ്രകാശത്തേയോ ആശ്രയിച്ചു നില്ക്കുന്നു. അത് പരിമിതവുമാണ്. എന്നാൽ, അല്ലാഹുവിന്റെ കാഴ്ച സ്വപ്രഭാവത്തിൽനിന്നുള്ളതാണ്. അത് അപരിമിതവുമാണ്. അപ്രകാരംതന്നെ മനുഷ്യന്റെ സൃഷ്ടിക്കാനുള്ള കഴിവ് ധാതുക്കളേയും കാലത്തേയും ആശ്രയിച്ചു നില്ക്കുന്നു. അത് പരിമിതവുമാണ്. പക്ഷേ, അല്ലാഹുവിന്റെ സൃഷ്ടിപ്പ് ഒരു ധാതുവിനേയും കാലത്തേയും ആശ്രയിച്ചിട്ടുള്ളതല്ല. അത് അപരിമിതവുമാണ്. കാരണം അവന്റെ എല്ലാ ഗുണവിശേഷങ്ങളും അതുല്യവും സമാനതകളില്ലാത്തതുമാണ്. അവനു സമനായി ആരുമില്ല. അവന്റെ ഗുണവിശേഷങ്ങൾക്ക് തുല്യമായും ഒന്നുമില്ല. അവൻ ഒരു ഗുണവിശേഷത്തിൽ കുറവുള്ളവനാണെങ്കിൽ എല്ലാ ഗുണവിശേഷങ്ങളിലും കുറവുള്ളവനായിരിക്കും. അതിനാൽ അവന്റെ ഏകത്വം നിലനിൽക്കുകയില്ല. അവന്റെ സത്തപോലെതന്നെ അവന്റെ എല്ലാ ഗുണവിശേഷങ്ങളും അതുല്യവും സമാനതകളില്ലാത്തതുമായിരിക്കണം.'

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മുകളിൽ പ്രതിപാദിച്ച ആയത്തിന്റെ തുടർന്നുള്ള അർഥം ഇപ്രകാരമാണ്. 'അല്ലാഹു ആരുടേയും പുത്രനല്ല. അവനൊട്ടു പുത്രനുമില്ല. കാരണം അവൻ തന്റെ സത്തയിൽ സർവഗുണസമ്പന്നനാണ്. അവന് പിതാവിന്റെ ആവശ്യമില്ല. പുത്രന്റേയും ആവശ്യമില്ല.' ഇതു വിശുദ്ധ ഖുർആൻ പഠിപ്പിച്ച ഏകദൈവത്വ സിദ്ധാന്തമാണ്. ഈമാനിന്റെ അച്ചുതണ്ടാണ്.

പിന്നീട് അല്ലാഹുവിന്റെ ഏകത്വത്തിന് വിശുദ്ധഖുർആനിൽ നിന്നു തന്നെ ബുദ്ധിപരമായ തെളിവ് നല്കിക്കൊണ്ട് പറയുന്നു: 'പിന്നീട് അതിനു ശേഷം അവൻ പങ്കുകാരാരുമില്ലാത്തവനാണെന്നതിന് ബുദ്ധിപരമായ ഒരു തെളിവ് വിവരിച്ചു.

وَّمَا كَانَ مَعَهٗ مِنْ اِلٰهٍ (23:92) لَوْ كَانَ فِيْهِمَآ اٰلِهَةٌ اِلَّا اللّٰهُ لَفَسَدَتَا ۚ (21:23)

അതായത് ആകാശഭൂമികളിൽ അവനെക്കൂടാതെ എല്ലാ സവിശേഷഗുണങ്ങളുടേയും സമുച്ചയമായ ഒരു സത്ത കൂടി ഉണ്ടായിരുന്നെങ്കിൽ ഇരുവരും തെറ്റിപ്പിരിയുമായിരുന്നു. കാരണം ദൈവങ്ങളുടെ ആ ജമാഅത്ത് പരസ്പരം എതിർ പ്രവർത്തനം നടത്തുമെന്നത് ഉറപ്പാണ്. ആ ഭിന്നിപ്പും ആ ചേരിതിരിവും കൊണ്ട് ലോകത്ത് കുഴപ്പങ്ങൾക്ക് വഴി തുറക്കും. വെവ്വേറെ സ്രഷ്ടാവുണ്ടായിരുന്നെങ്കിൽ ഓരോരുത്തരും അവരവരുടെ സൃഷ്ടികളുടെ ക്ഷേമകാര്യത്തിലായിരിക്കും ശ്രദ്ധിക്കുക. സ്വന്തം ആളുകളുടെ സൗഖ്യത്തിനായി അന്യരെ നശിപ്പിക്കാൻ മുതിരുകയും ചെയ്യും. അങ്ങനെ അതും ലോകത്തിന്റെ നാശത്തിന് കാരണമായിത്തീരും. അതുകൊണ്ട് ഒന്നിലധികം ദൈവമുണ്ടാകുന്ന പ്രശ്നമേ ഉദിക്കുന്നില്ല.'

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇസ്‌ലാം മതത്തിന്റെ സകല കല്പനകളുടേയും യഥാർഥ ഉദ്ദേശ്യം, ഇസ്‌ലാം എന്ന പദത്തിൽ പറഞ്ഞിരിക്കുന്ന ആ യാഥാർഥ്യം വരെ കൊണ്ടെത്തിക്കുക എന്നതാണ്. ഇതേ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ പ്രിയപ്പെട്ടവനാക്കുന്നതിന് പ്രേരണ നല്കുന്ന അധ്യാപനങ്ങൾ വിശുദ്ധഖുർആനിലുണ്ട്. ചിലയിടത്ത് അവന്റെ സൗന്ദര്യവും അഴകും കാണിക്കുന്നു. ചിലയിടത്ത് അവന്റെ ഉപകാരങ്ങളെ ഓർമിപ്പിക്കുന്നു. കാരണം ആരോടെങ്കിലുമുള്ള സ്നേഹം മനസ്സിൽ കുടിയിരിക്കുന്നത് ഒന്നുകിൽ സൗന്ദര്യം മുഖേനയായിരിക്കും. അല്ലെങ്കിൽ ഉപകാരം മുഖേനയായിരിക്കും. അല്ലാഹു തന്റെ എല്ലാ ഗുണവിശേഷങ്ങളുടേയും അടിസ്ഥാനത്തിൽ പങ്കുകാരാരുമില്ലാത്ത ഏകനാണ്. അവനിൽ ഒരു കുറവുമില്ല. സമ്പൂർണമായ ഗുണവിശേഷങ്ങളുടെ സമുച്ചയമാണവൻ. *(എല്ലാ ഗുണവിശേഷങ്ങളും അവനിൽ സമ്പൂർണമായിട്ടും സമ്മേളിച്ചിരിക്കുന്നു).* എല്ലാ പരിശുദ്ധ ശക്തിപ്രഭാവങ്ങളുടേയും പ്രതീകമാണവൻ. *(അതായത് എല്ലാ പരിശുദ്ധ ശക്തികളുടേയും വെളിപ്പെടൽ അവനിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്നു).* എല്ലാ സൃഷ്ടികളുടേയും ഉത്ഭവസ്ഥാനമാണവൻ. എല്ലാ കൃപാദാനത്തിന്റേയും ഉറവിടമാണവൻ. *(എല്ലാ കൃപയും അവനിൽനിന്ന് ലഭിക്കുന്നു).* എല്ലാ രക്ഷാശിക്ഷയുടേയും അധികാരിയാണവൻ. എല്ലാ കാര്യങ്ങളുടേയും മടക്കസ്ഥാനമാണവൻ. അവൻ അകലത്തുള്ളവനാണെങ്കിലും അടുത്തുള്ളവനാണ്. അടുത്താണെങ്കിലും അവൻ അകലത്താകുന്നു. അവൻ എല്ലാത്തിലും മേലെയാകുന്നു. എന്നാൽ, അവന്റെ കീഴെ മറ്റാരെങ്കിലും ഉണ്ടെന്നും പറഞ്ഞുകൂടാ. അവൻ എല്ലാ വസ്തുക്കളെക്കാളും അധികം മറഞ്ഞിരിക്കുന്നവനാണ്. എന്നാൽ, അവനെക്കാൾ കൂടുതൽ പ്രത്യക്ഷനായവൻ ആരെങ്കിലമുണ്ടോ എന്ന് പറയാൻ പറ്റുകയില്ല. അവൻ തന്റെ സത്തയാൽ ജീവനുള്ളവനാണ്. എല്ലാ ഓരോ വസ്തുവും അവനോടൊപ്പം സജീവമാണ്. *(ഹയ്യ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സജീവനും സജീവതയോടെ വെക്കുന്നനും എന്നാണ്).* സ്വന്തം സത്തയിൽ നിലനില്ക്കുന്നവനാണവൻ. എല്ലാ ഓരോ വസ്തുവും അവനോടൊപ്പം നിലകൊള്ളുന്നു. എല്ലാ ഓരോ വസ്തുവിനേയും അവൻ വഹിച്ചുകൊണ്ടിരിക്കുന്നു. അവൻ വഹിച്ചിട്ടില്ലാത്തതായ ഒരു വസ്തുവുമില്ല. *(അതായത് എല്ലാ വസ്തുക്കളുടേയും ബന്ധനം അല്ലാഹുവിന്റെ സത്തയിൽതന്നെയാണുള്ളത്).* സ്വയംഭൂവായിട്ടുള്ളത് അവനല്ലാതെ മറ്റൊന്നുമില്ല. അവനെക്കൂടാതെ സ്വയം ജീവിക്കാൻ കഴിയുന്നതും ഒന്നുമില്ല. അവൻ എല്ലാ ഓരോ വസ്തുവിനേയും ആവരണം ചെയ്തിരിക്കുന്നു. എന്നാൽ, എങ്ങനെയാണ് ആവരണം ചെയ്തിരിക്കുന്നതെന്ന് പറയാൻ സാധ്യമല്ല. അവൻ ആകാശത്തിന്റേയും ഭൂമിയുടേയും എല്ലാ ഓരോ വസ്തുവിന്റേയും പ്രകാശമാണ്. എല്ലാ ഓരോ പ്രകാശവും അവന്റെ കൈയാൽ വിളങ്ങുകയും അവന്റെ തന്നെ സത്തയുടെ പ്രതിച്ഛായയുമാണ്. അവൻ സകല ലോകത്തിന്റേയും പരിപാലകനാണ്. അവനാൽ വളർച്ച പ്രാപിച്ചിട്ടില്ലാത്തതും സ്വയവെ വളർച്ച പ്രാപിച്ചിട്ടുള്ളതുമായ ഒരു ആത്മാവുമില്ല. അവനിൽനിന്ന് ശക്തി ലഭിച്ചിട്ടില്ലാത്തതും സ്വയവെ ശക്തിയുള്ളതുമായ ഒരു ആത്മാവുമില്ല. അവന്റെ കാരുണ്യങ്ങൾ രണ്ടു തരത്തിലുണ്ട്. ഏതെങ്കിലും പ്രവർത്തകന്റെ പ്രവർത്തനഫലമൊന്നും കൂടാതെ പണ്ടുപണ്ടേ മുതൽ പ്രകടമായിക്കഴിഞ്ഞിട്ടുള്ളതാണ് ഒന്ന്. ഉദാഹരണമായി ഭൂമി, ആകാശം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വെള്ളം, അഗ്നി, വായു, അതുപോലെ നമ്മുടെ സൗഖ്യത്തിനായി സൃഷ്ടിച്ചിട്ടുള്ള എല്ലാ അണുക്കളും. അപ്രകാരം തന്നെ ഏതേതെല്ലാം വസ്തുക്കളാണോ നമുക്ക് ആവശ്യമുണ്ടായിരുന്നത് അതെല്ലാം നമ്മൾ ജനിക്കുന്നതിനു മുമ്പേ നമുക്ക് സംഘടിപ്പിച്ചു തന്നിരിക്കുന്നു. നമ്മൾ തന്നെയും ഇല്ലാതിരുന്ന കാലത്താണ് ഈ സംവിധാനമെല്ലാം ഇവിടെ ഒരുക്കിയത്. നമ്മുടെ ഒരു പ്രവർത്തനത്തിന്റേയും ഫലമായിട്ടല്ല. തന്റെ കർമഫലമായിട്ടാണ് സൂര്യനുണ്ടായതെന്ന് ആർക്കാണ് പറയാൻ കഴിയുക. ഭൂമി തന്റെ ശുദ്ധകർമത്തിന്റെ ഫലമായിട്ടുണ്ടായതാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? മനുഷ്യരും അവരുടെ കർമങ്ങളും ഉണ്ടാകുന്നതിനുമുമ്പേ പ്രകടമായ കാരുണ്യമാണിത്. അത് ജനങ്ങളുടെ കർമഫലമായിട്ടുണ്ടായതല്ല. രണ്ടാമത്തെ കാരുണ്യമെന്നു പറയുന്നത് കർമങ്ങൾക്കനുസരിച്ച് വഴിക്കുവഴിയായി ഉണ്ടാകുന്നതാണ്. *(കർമങ്ങൾ ചെയ്യുമ്പോൾ, സൽക്കർങ്ങൾ ചെയ്യുമ്പോൾ അതിനുള്ള പ്രതിഫലം നല്കുന്നു).*

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇപ്പോൾ അല്ലാഹുവിന്റെ അടുത്ത് എത്തുന്നതിന് ഒരേയൊരു വഴിയെയുള്ളൂ. ഇക്കാലഘട്ടത്തിൽ ആ വഴി നബി(സ) തിരുമേനിയുടെ വ്യക്തിത്വമാണ്.'

വീണ്ടും പറയുന്നു:'ആ സർവശക്തനും സത്യവാനും സമ്പൂർണനുമായ ദൈവത്തിന് നമ്മുടെ ആത്മാവും നമ്മുടെ ഓരോ അണുവും സുജൂദ് ചെയ്യുന്നു. അവന്റെ കൈയാൽ എല്ലാ ഓരോ ആത്മാവും സൃഷ്ടികളുടെ എല്ലാ ഓരോ അണുവും അവന്റെ എല്ലാ കഴിവുകളോടും കൂടി പ്രകടമായി. അവന്റെ അസ്തിത്വത്താലാണ് എല്ലാ ഓരോ അസ്തിത്വവും നില കൊള്ളുന്നത്. അവന്റെ അറിവിൽ നിന്നും അവന്റെ നിയന്ത്രണത്തിൽ നിന്നും അവന്റെ സൃഷ്ടിയിൽനിന്നും പുറത്ത് ഒരു വസ്തുവുമില്ല. ആയിരോപിയായിരം സ്വലാത്തും സലാമും റഹ്മത്തുകളും ബർക്കത്തുകളും ആ പരിശുദ്ധ നബി (സ) തിരുമേനിയുടെ മേൽ ഇറങ്ങുമാറാകട്ടെ. ആ മഹാത്മാവു മുഖേന നാം ആ ജീവനുള്ള ദൈവത്തെ പ്രാപിച്ചു. അവൻ നേരിട്ട് സംസാരിച്ച് തന്റെ അസ്തിത്വത്തിനുള്ള അടയാളം സ്വയം നമുക്ക് തന്നു. അമാനുഷികമായ അടയാളങ്ങൾ കാണിച്ച് തന്റെ പണ്ടേയുള്ള സമ്പൂർണ ശക്തിയുടേയും കഴിവുകളുടേയും തിളക്കമാർന്ന മുഖം നമുക്കു കാണിക്കുന്നു. നമുക്ക് ദൈവത്തെ കാണിച്ചുതന്ന റസൂലിനെ നാം പ്രാപിച്ചു. തന്റെ സമ്പൂർണ ശക്തികൊണ്ട് എല്ലാ വസ്തുക്കളേയും സൃഷ്ടിച്ച അല്ലാഹുവിനെ പ്രാപിച്ചു. അവന്റെ ശക്തിപ്രഭാവം എത്രമാത്രം മാഹാത്മ്യം ഉൾക്കൊള്ളുന്നതാണ്. അതുകൂടാതെ ഒരു വസ്തുവും ആകൃതി പ്രാപിച്ചിട്ടില്ല. അവന്റെ സഹായമില്ലാതെ ഒരു വസ്തുവിനും നിലനില്ക്കാനും സാധ്യമല്ല. നമ്മുടെ സത്യവാനായ ആ ദൈവം അസംഖ്യം അനുഗ്രഹങ്ങൾ ചെയ്യുന്നവനാണ്. അസംഖ്യം ശക്തികൾ ഉൾക്കൊള്ളുന്നവനാണ്. അസംഖ്യം സൗന്ദര്യമുള്ളവനാണ്. അസംഖ്യം ഉപകാരങ്ങൾ ചെയ്യുന്നവനാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല.

അല്ലാഹുവിൽ വിശ്വസിക്കാത്തവരെ സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു: 'ദൈവത്തിന്റെ അസ്തിത്വം അദൃശ്യങ്ങളിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതും അതിസൂക്ഷ്മവുമാണ്. മനുഷ്യബുദ്ധിയ്ക്ക് സ്വന്തം കഴിവുകൊണ്ട് അവനെ അന്വേഷിച്ച് കണ്ടെത്താൻ കഴിയുകയില്ല.*(അവൻ മറഞ്ഞിരിക്കുന്ന അസ്തിത്വത്തമാണ്. ബുദ്ധി കൊണ്ട് അവനെ കണ്ടെത്താൻ കഴിയില്ല. നിരീശ്വരവാദികൾ ചോദിക്കുന്നത് ബുദ്ധി കൊണ്ട് എങ്ങനെ ദൈവത്തെ മനസ്സിലാക്കാമെന്നാണ്. ബുദ്ധികൊണ്ട് മാത്രം മനസ്സിലാകണമത്രെ!)*ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സ്വന്തം കഴിവുകൊണ്ട് ദൈവത്തെ കണ്ടെത്താൻ കഴിയില്ല. ബുദ്ധിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിന് അഖണ്ഡിതമായ തെളിവാകുകയില്ല. കാരണം ബുദ്ധിയുടെ പാച്ചിലും ശ്രമവും കൊണ്ട് എത്രമാത്രം പ്രയോജനമുണ്ടാകുമെന്നുവച്ചാൽ ഈ ലോകത്തെ നിർമിതവസ്തുക്കളെ കണ്ടുകൊണ്ട് അതിന് ഒരു നിർമാതാവ് ഉണ്ടായിരിക്കാം എന്ന അവസ്ഥയിലെത്താൻ കഴിയും. *(ഏതെങ്കിലും വസ്തുവിനെ കണ്ടാൽ അതിനെ ഉണ്ടാക്കിയിട്ടുള്ള ആരെങ്കിലും ഉണ്ടാവണം എന്ന നിലവരെ മാത്രമേ ബുദ്ധിയ്ക്കെത്താൻ കഴിയൂ).* എന്നാൽ ആവശ്യകതയുടെ അനുഭവം മറ്റൊന്നാണ്. ഏതൊരു ദൈവത്തിന്റെ ആവശ്യകതയാണോ അംഗീകരിക്കപ്പെട്ടത് അവനെ സംബന്ധിച്ച് ഗോചരജ്ഞാനം വരെ എത്തുകയെന്നതും അവൻ യഥാർഥത്തിൽ ഉണ്ടെന്ന് ദൃഢബോധം വരുന്നതും മറ്റൊരു കാര്യമാണ്. *(ഒരുദൈവത്തിന്റെ ആവശ്യകതയുണ്ട്. അവൻ ഉണ്ടുതാനും. അതായത് ഇല്ലെങ്കിൽ ഇത് തികച്ചും വേറൊരു കാര്യമാണ്.)* ബുദ്ധിയുടെ മാർഗം ന്യൂനവും അപൂർണവും സംശയമുള്ളതുമാണ്. അതുകൊണ്ട് എല്ലാ ഓരോ തത്ത്വജ്ഞാനിക്കും ബുദ്ധികൊണ്ടു മാത്രം ദൈവത്തെ തിരിച്ചറിയാൻ കഴിയില്ല. ബുദ്ധികൊണ്ട് ദൈവത്തെ തിരിച്ചറിയാൻ ആഗ്രഹിക്കുന്നവരിൽ പലരും അവസാനം നിരീശ്വരവാദികളായിത്തീരുന്നു.

അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസം ഉണ്ടാക്കിപ്പിക്കുന്നതിനുവേണ്ടി എല്ലാ കാര്യങ്ങളിലും മനുഷ്യന്റെ ശ്രദ്ധ അല്ലാഹുവിൽ മാത്രം വെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ വേദനയോടെ പറയുന്നു: 'സർവശക്തനായ ഒരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവിലേക്ക് ഓടിവരിൻ! ഇതു നിങ്ങൾക്കു ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിത സ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ!

ആ ജീവസുറ്റ ദൈവത്തിന്റെ സന്ദേശം ഇക്കാലഘട്ടത്തിന്റെ ഇമാമിനേയും നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയേയും പിൻപറ്റിക്കൊണ്ട് ലോകത്തിന് എത്തിച്ചുകൊടുക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ജീവനുള്ള ദൈവമുണ്ടന്ന് ലോകത്തിന് ബോധ്യം വരുത്തിക്കൊടുക്കുന്നവരായിത്തീരട്ടെ. ഇപ്പോഴും അവൻ കേൾക്കുന്നു. അടയാളം കാണിക്കുകയും ചെയ്യുന്നു. അവനിലേക്ക് മടങ്ങുക. അവനിലേക്ക് വരിക. നമ്മൾ തന്നെയും ആ ദൈവവുമായി ബന്ധം ഉണ്ടാക്കുന്നവരായി മാറട്ടെ. ആ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരട്ടെ. അവനോടുള്ള ആരാധനയുടെ കടമ നിർവഹിക്കുന്നവരാകട്ടെ. അവന്റെ ഗുണവിശേഷങ്ങളെ കുറിച്ച് ശരിയായ അറിവ് കരസ്ഥമാക്കുന്നവാരാകട്ടെ.അവന്റെ പാരിതോഷികങ്ങൾക്ക് അനന്തരാവകാശികൾ ആകട്ടെ. നമ്മുടെ മക്കളും നമ്മളും അന്യാരാധനയിൽനിന്ന് എപ്പോഴും സുരക്ഷിതരായിരിക്കട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 18.04.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To